**<u>15 -ാം കേരള നിയമസഭ</u>**

**<u>11 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5370</u>** **<u>05-07-2024 - ൽ മറുപടിയ്ക്ക്</u>**

**<u>സർവകലാശാലകൾക്ക് ഉന്നത അംഗീകാരം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ സർവകലാശാലകളിൽ ഉന്നത അംഗീകാരങ്ങൾ ലഭിക്കുന്നതിനടിസ്ഥാനമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്; വിശദാംശം ലഭ്യമാക്കാമോ? | (എ) | സംസ്ഥാനത്തെ സർവകലാശാലകളിൽ ഉന്നത അംഗീകാരങ്ങൾ ലഭിക്കുന്നതിനടിസ്ഥാനമായി നടന്നുവരുന്ന പ്രവർത്തനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു :<br><br>**1.<u>നാലുവർഷ ബിരുദ പ്രോഗ്രാം (FYUGP):</u>** ഉന്നത വിദ്യാഭ്യാസ രംഗത്തെ സമഗ്രപരിഷ്കാരവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ നിയമിച്ച ഡോ. ശ്യാം ബി. മേനോൻ അദ്ധ്യക്ഷനായ ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മിറ്റിയുടെ പ്രധാന ശുപാർശകളാണ് സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ കരിക്കുലം പരിഷ്കരണവുമായി ബന്ധപ്പെട്ട് ഡോ. സുരേഷ് ദാസ് അധ്യക്ഷനായി കേരള സംസ്ഥാന ഹയർ എഡ്യൂക്കേഷൻ കരിക്കുലം കമ്മിറ്റി സംസ്ഥാന സർക്കാർ രൂപീകരിച്ചിരുന്നു. ഈ കമ്മിറ്റി യാണ് നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ കരിക്കുലം ചട്ടക്കൂട് രൂപീകരിച്ചിട്ടുള്ളത്. നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ ഘടന സംബന്ധിച്ച കമ്മിറ്റിയുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ 2024-25 അക്കാദമിക വർഷം മുതൽ സംസ്ഥാനത്തെ സർവ്വകലാശാലകൾ നാലുവർഷ ബിരുദ പ്രോഗ്രാം നടപ്പിലാക്കിയിട്ടുണ്ട്.<br><br>**2.<u>കേരള റിസോഴ്സ് ഫോർ എഡ്യൂക്കേഷണൽ അഡ്മിനിസ്ട്രേഷൻ ആൻഡ് പ്ലാനിംഗ് (k-REAP) :</u>**<br><br>വിദ്യാർത്ഥികൾക്ക് സേവനങ്ങൾ വേഗത്തിൽ ലഭിക്കുന്നതിന് സേവനാവകാശ നിയമം നടപ്പിലാക്കി. സമയബന്ധിതമായി പ്രോഗ്രാമുകളും പരീക്ഷകളും നടത്തുന്നതിന് ഏകീകൃത കലണ്ടർ നടപ്പിലാക്കി. എല്ലാ സേവനങ്ങളും ഡിജിറ്റിൽ സാങ്കേതിക വിദ്യയുടെ സഹായത്തോടെ അതിവേഗം ലഭ്യമാക്കുന്നതിന് കേരള റിസോഴ്സ് ഫോർ എഡ്യൂക്കേഷണൽ |

അഡ്മിനിസ്ട്രേഷൻ ആൻഡ് പ്ലാനിംഗ് (K-REAP) എന്ന പേരിൽ ഒരു സമഗ്ര ERP സൊല്യൂഷൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**3. <u>സെന്റേഴ്സ് ഓഫ് എക്സലൻസ്, ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകൾ</u> :** സംസ്ഥാനത്തെ സർവ്വകലാശാലകളിലെ സ്കൂളുകൾ/ ഡിപ്പാർട്ട്മെന്റുകൾ / സെന്ററുകൾ എന്നിവയെ അവയുടെ മികവിന്റെ അടിസ്ഥാനത്തിൽ 'സെന്റേഴ്സ് ഓഫ് എക്സലൻസ്' ആയി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. താഴെപ്പറയുന്ന സർവ്വകലാശാലകളിൽ ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകളും ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു :

University of Kerala,

MG University, Kottayam,

University of Calicut,

Kannur University,

CUSAT

APJ Abdul Kalam Technological University

**4. <u>കേരള അക്കാദമിക് ലൈബ്രറി നെറ്റ് വർക്ക് (കാൽനെറ്റ്):</u>** കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ 11 സർവകലാശാല ലൈബ്രറികളിലെ 15 ലക്ഷത്തോളം പുസ്തകങ്ങളും തീസിസുകളും കൂട്ടിയിണക്കി സംസ്ഥാനതലത്തിൽ കേരള അക്കാദമിക് ലൈബ്രറി നെറ്റ് വർക്ക് (Kerala Academic Library Network - KALNET) പ്രവർത്തനം ആരംഭിച്ചു.

**5. <u>എറുഡൈറ്റ് സ്കോളർ ഇൻ റെസിഡൻസ് പ്രോഗ്രാം & ബ്രെയിൻ ഗെയിൻ</u> :** സംസ്ഥാനത്തെ സർവകലാശാലകളിലെയും കോളേജുകളിലെയും അക്കാദമിക് സമൂഹത്തിന് നൊബേൽ ജേതാക്കളടക്കമുള്ള അക്കാദമിക് വിദഗ്ധരുമായി ആശയ വിനിമയം നടത്തുന്നതിനും അതിലൂടെ അക്കാദമിക് നെറ്റ് വർക്ക് വികസിപ്പിക്കുന്നതിനും രൂപീകരിച്ചിട്ടുള്ളതാണ് എറുഡൈറ്റ് സ്കോളർ ഇൻ റസിഡൻസ് പദ്ധതി.

**6. <u>കോളേജുകളുടെ ക്ലസ്റ്റർ സ്കീം:</u>** ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവിലുള്ള സൗകര്യങ്ങളുടെ ഉചിതമായ ഉപയോഗത്തിലൂടെയും അവയെ യഥാവിധി പങ്കുവയ്ക്കുന്നതിലൂടെയും മെച്ചപ്പെട്ട

അക്കാദമിക ഗുണനിലവാരം കൈവരിക്കാൻ സാധ്യമായ മാർഗമെന്ന നിലയിലാണ് ക്ലസ്റ്റർ ഓഫ് കോളേജ് എന്ന ആശയം നടപ്പിലാക്കുന്നതിലൂടെ ലക്ഷ്യം വയ്ക്കുന്നത്. അദ്ധ്യാപക വിദ്യാർത്ഥി സമൂഹത്തിന്റെ അറിവും സ്ഥാപനങ്ങളുടെ അക്കാദമിക വിഭവങ്ങളും പങ്കാളിത്ത കൂട്ടായ ലക്ഷ്യങ്ങളുടെ നിർവ്വഹണത്തിലൂടെ കോളേജുകളുടെ പഠന നിലവാരം മെച്ചപ്പെടുന്നതിന് സാധ്യമാക്കുന്ന സംരംഭമാണ് ഓരോ ക്ലസ്റ്ററുകളും. പ്രവേശനത്തിന്റെയും ഇക്വിറ്റിയുടെയും ഗുണനിലവാരത്തിന്റെയും ദേശീയ ലക്ഷ്യങ്ങളാണ് ക്ലസ്റ്ററുകളുടെയും അടിസ്ഥാന ലക്ഷ്യം. ക്ലസ്റ്റർ സംവിധാനം ഉപയോഗപ്പെടുത്തുമ്പോൾ കോളേജുകൾക്ക് ഉയർന്ന അക്കാദമിക് പ്രവർത്തനങ്ങൾ നടത്താൻ കഴിയും. ഓരോ സ്ഥാപനത്തിനും ലഭ്യമാകുന്ന ആനുകൂല്യങ്ങൾ ഓരോ സ്ഥാപനവും ഇൻവെസ്റ്റ് ചെയ്യുന്ന വിഭവങ്ങളെക്കാൾ വലുതാണ്. അതനുസരിച്ച് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് അടിസ്ഥാനമാക്കി 3 ക്ലസ്റ്ററുകൾ പ്രവർത്തിക്കുന്നു.

### 7. <u>ചീഫ് മിനിസ്റ്റേഴ്സ് നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് :</u>

ഗവേഷണങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനായി സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഗവേഷണ പദ്ധതിയാണിത്.

### 8. <u>സ്റ്റേറ്റ് അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ സെന്റർ (SAAC ).</u>

രാജ്യത്തെ സർവ്വകലാശാലകളുൾപ്പെടെയുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അക്കാദമിക് പ്രകടനം വർഷംതോറും വിലയിരുത്തുന്ന നാഷണൽ അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ NAAC ന്റെ മാതൃകയിൽ സംസ്ഥാനതലത്തിൽ പ്രാദേശിക വൈവിദ്ധ്യങ്ങളുടെയും പ്രത്യേകതകളുടെയും അളവുകോലുകൾകൂടി ഉൾപ്പെടുത്തി ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം വിലയിരുത്തിക്കൊണ്ട് ഗ്രേഡിംഗ് നൽകുന്നതിനായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ സ്റ്റേറ്റ് അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ സെന്റർ പ്രവർത്തിച്ചുവരുന്നു.

### 9. <u>ഡിജികോൾ</u>

സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഡിജിറ്റൽ വിദ്യാഭ്യാസത്തിന് സൗകര്യം ഒരുക്കുന്ന നിരവധി പദ്ധതികൾ സർക്കാർ നടപ്പിലാക്കിവരുന്നു.

**10. കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് (Kerala Institutional Ranking Framework) (KIRF) :**

NIRF മാതൃകയിൽ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ വസ്തുനിഷ്ഠവും സുതാര്യവുമായ രീതിയിൽ വിലയിരുത്തി അക്കാദമിക മികവിന്റെ അടിസ്ഥാനത്തിൽ റാങ്കുചെയ്യുന്നതിനുള്ള കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് (KIRF) പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. NIRF മാതൃകയുടെ അടിസ്ഥാന മൂല്യങ്ങളും ഘടകങ്ങളും ഉൾക്കൊണ്ടുകൊണ്ട് സംസ്ഥാനതല റാങ്കിംഗ് സംവിധാനം രൂപപ്പെടുത്താനാണ് ശ്രമിക്കുന്നത്. നിലവിൽ teaching-learning research, graduate outcomes, വിജ്ഞാന വ്യാപനം, പൊതു അഭിപ്രായം എന്നീ ഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് ദേശീയ റാങ്കിംഗ് മാനദണ്ഡങ്ങൾ ചിട്ടപ്പെടുത്തിയിട്ടുള്ളത്. KIRF ന്റെ ആരംഭത്തോടുകൂടി സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ദേശീയവും അന്തർദേശീയവുമായ റാങ്കിംഗിൽ നില മെച്ചപ്പെടുത്താൻ സഹായകരമാകും.

**11. ഉന്നത വിദ്യാഭ്യാസ സർവ്വേ :**

ഉന്നത വിദ്യാഭ്യാസ മേഖലയുടെ സമഗ്രമായ വിവരശേഖരണം ലക്ഷ്യമിട്ട്, സംസ്ഥാനത്ത് ആദ്യമായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ഓൺലൈൻ സർവ്വേ ആരംഭിച്ചു.

**12. ഇ-ജേർണൽ കൺസോർഷ്യം :** സർവ്വകലാശാലകൾക്ക് യു.ജി.സി. സൗജന്യമായി നൽകിവന്നിരുന്ന ഇ-ജേർണൽ പദ്ധതി (UGC INFLIBNET) നിർത്തലാക്കിയ സാഹചര്യത്തിൽ, സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകൾക്കും/ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഗവേഷണ പ്രവർത്തനത്തിനും മറ്റും അനിവാര്യമായ ഇ-ജേർണൽ വിഭവങ്ങൾ പ്രദാനം ചെയ്യുന്നതിന് സംസ്ഥാനതല ഇ-ജേർണൽ കൺസോർഷ്യം (State Level E-Journal Consortium) പ്രവർത്തനക്ഷമമാണ്.

**13. ഓൺലൈൻ ഡിജിറ്റൽ ശേഖരം:**

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തെ സർവ്വകലാശാലകളിലെ വിവിധ വിഷയങ്ങളിലുള്ള യു.ജി./പി.ജി. പ്രോഗ്രാമുകളുടെ പഠനസാമഗ്രികൾ ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ വെബ്പോർട്ടലിൽ "ഓൺലൈൻ സ്റ്റഡി മെറ്റീരിയൽസ്" എന്ന ശീർഷകത്തിൽ ലഭ്യമാക്കിയിട്ടുണ്ട്.<br><br>**14. <u>അദ്ധ്യാപക പരിശീലന പദ്ധതി</u>**<br><br>ഉന്നത വിദ്യാഭ്യാസ മേഖലയിൽ മികച്ച അദ്ധ്യാപകരെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് ഉന്നത വിദ്യാഭ്യാസ കൗൺസിലിന് കീഴിൽ ഫാക്കൽറ്റി ഡെവലപ്മെന്റ് സെന്റർ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ